"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- മലബാർ മേഖലയിലെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്ലസ് വൺ സീറ്റ് ക്ഷാമം പരിഗണിച്ച് പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2023-24 വർഷത്തിൽ താൽക്കാലികമായി 97 ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്

സ.ഉ.(കൈ) നം.106/2023/GEDN തീയതി,തിരുവനന്തപുരം, 27-07-2023

---

പരാമർശം:- 1. സ.ഉ.(കൈ)നം. 63/2023/പൊ.വി.വ, തീയതി 27-05-2023

2. സ.ഉ.(കൈ)നം. 76/2023/പൊ.വി.വ, തീയതി 12-06-2023

3. സ.ഉ.(കൈ)നം. 77/2023/പൊ.വി.വ, തീയതി 12-06-2023

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21-07-2023 ലെ ICT Cell/1771/1/DGE-HSE/2023 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് മലബാർ മേഖലയിലെ സീറ്റ് ക്ഷാമം പരിഗണിച്ച് പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ വിവിധ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2023-24 അധ്യയന വർഷത്തിൽ 97 താൽക്കാലിക പ്ലസ് വൺ ബാച്ചുകൾ അനുവദിക്കുന്നതിന് പരാമർശം (4 ) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

2. 2023-24 അധ്യയന വർഷത്തിലെ പ്ലസ് വൺ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനായി പരാമർശം (1) പ്രകാരം സർക്കാർ, എയ്ഡഡ് മേഖലയിൽ മുൻവർഷത്തിൽ താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ 81 ബാച്ചുകൾ തുടരുന്നതിനും, മാർജിനൽ സീറ്റ് വർദ്ധനവിനും അനുമതി നൽകിയിരുന്നു. കൂടാതെ പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം മറ്റ് ജില്ലകളിൽ വിദ്യാർത്ഥികൾ കുറവായിരുന്ന 14 ബാച്ചുകൾ മലപ്പുറം ജില്ലയിലേക്ക് ഷിഫ്റ്റ് ചെയ്യുന്നതിനും സർക്കാർ അനുമതി നൽകിയിരുന്നു. എന്നിരുന്നാലും മലബാർ മേഖലയിൽ നിരവധി വിദ്യാർത്ഥികൾക്ക് ഹയർ സെക്കന്ററി സീറ്റ് ലഭ്യമാകാത്ത സാഹചര്യം നിലനിൽക്കുന്നതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. 2023-2024 അധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് 2023 ജൂൺ 2 ന് ഓൺലൈൻ ആയി അപേക്ഷകൾ ക്ഷണിച്ച് 3 അലോട്ട്മെന്റുകൾ ഉൾപ്പെട്ട മുഖ്യഘട്ട അലോട്ട്മെന്റുകൾ പൂർത്തീകരിച്ച് 2023 ജൂലൈ 5 ന് ഒന്നാം വർഷ ക്ലാസ്സുകൾ ആരംഭിക്കുകയുണ്ടായി. പൊതുവിദ്യാലയങ്ങളിൽ ആകെ 28454 പ്ലസ് വൺ സീറ്റ് ഒഴിവുകൾ ആണുള്ളത്. എന്നാൽ ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിൽ അപേക്ഷിച്ചിട്ടും അലോട്ട്മെന്റ് ലഭിക്കാതെ 32,433 പേർ

പ്രവേശനത്തിനായി കാത്തിരിക്കുന്നുണ്ട്.

4. സംസ്ഥാന തലത്തിൽ പരിശോധിക്കുമ്പോൾ സീറ്റ് അധികമായാണ് കാണുന്നതെങ്കിലും ജില്ലാടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ പാലക്കാട്, മലപ്പുറം ജില്ലകളിൽ സീറ്റുകളിൽ കുറവ് കാണുന്നു. ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പൂർത്തീകരിച്ചു കഴിഞ്ഞപ്പോൾ താലൂക്ക് അടിസ്ഥാനത്തിൽ മലബാർ മേഖലയിലുള്ള ജില്ലകളിലെ പ്ലസ് വൺ പ്രവേശന സ്ഥിതി വിശദമായി പരിശോധിക്കുമ്പോൾ പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ സീറ്റുകളുടെ കുറവുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.പാലക്കാട് മുതൽ കാസർഗോഡ് വരെ 6 ജില്ലകളിലെ വിവിധ താലൂക്കുകളിൽ 2023-24 അധ്യയന വർഷത്തേക്ക് മാത്രമായി അനുവദിക്കേണ്ട താൽക്കാലിക ബാച്ചുകളുടെ വിവരങ്ങൾ സ്കൂൾ/കോമ്പിനേഷൻ ഉൾപ്പെടുത്തി പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. 97 താൽക്കാലിക അധിക ബാച്ചുകൾ അനുവദിക്കുന്നതിനായി പരമാവധി പതിനഞ്ച് കോടി എഴുപത്തി ഒന്ന് ലക്ഷത്തി നാല്പതിനായിരം (15,71,40,000/-) രൂപയുടെ വാർഷിക അധിക സാമ്പത്തിക ബാധ്യത പ്രതീക്ഷിക്കുന്നതായും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് മലബാർ മേഖലയിലെ സീറ്റ് ക്ഷാമം പരിഗണിച്ച് പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ആറു ജില്ലകളിലെ വിവിധ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2023-24 അധ്യയന വർഷത്തിൽ പരമാവധി പതിനഞ്ച് കോടി എഴുപത്തി ഒന്ന് ലക്ഷത്തി നാല്പതിനായിരം (15,71,40,000/-) രൂപയുടെ അധിക സാമ്പത്തിക ബാധ്യതയിൽ അനുബന്ധമായി ചേർത്തിരിക്കുന്ന പ്രകാരം 9 7 താൽക്കാലിക പ്ലസ് വൺ ബാച്ചുകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ വർഷത്തെ പ്രവേശന നടപടികൾ അവസാനിപ്പിക്കുമ്പോൾ താൽക്കാലികമായി അനുവദിച്ച ഏതെങ്കിലും ബാച്ചിൽ മതിയായ എണ്ണം വിദ്യാർത്ഥികൾ പ്രവേശനം നേടാത്ത സാഹചര്യമുണ്ടെങ്കിൽ അത്തരം ബാച്ചുകൾ റദ്ദ് ചെയ്യേണ്ടതും ആ ബാച്ചിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ അതേ സ്കൂളിലെ സമാന ബാച്ചിലേക്കോ അല്ലെങ്കിൽ സമീപത്തുള്ള സ്കൂളുകളിലെ സമാന ബാച്ചിലേക്കോ മാറ്റേണ്ടതാണ്. ടി താൽക്കാലിക ബാച്ചുകൾക്ക് ആവശ്യമായി വരുന്ന അധ്യാപകരെയും അനുബന്ധ സ്റ്റാഫിനെയും താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, (ഹയർ സെക്കന്ററി വിഭാഗം),തിരുവനന്തപുരം.
എല്ലാ ഹയർ സെക്കന്ററി മേഖല ഉപമേധാവികൾക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും. (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്.
പൊതുഭരണ (എസ്.സി)വകുപ്പ് ( 26.07.2023 തീയതിയിലെ ഇനം നമ്പർ. 1679 പ്രകാരം)
ധനകാര്യ വകുപ്പ് ( 25-07-2023 തീയതിയിലെ 2504805/EDN-B1/334/2023-FIN പ്രകാരം)
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.

സ.ഉ.(കൈ) നം.106/2023/GEDN

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
N.k. Sheena
Date: 27-07-2023 17:24:13
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

2. ബഹു. പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

3. പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

4. പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.